**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്കുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികൾ പുതുതായി നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടിക വർഗ്ഗ കോളനികളുടെ ആരോഗ്യശാക്തീകരണം.<br><br>2. കുടുംബം /സെറ്റിൽമെന്റ് അടിസ്ഥാനമായുള്ള മൈക്രോപ്ളാൻ നടപ്പിലാക്കൽ.<br><br>3. ഉന്നതി വിദേശ പഠനം സ്കോളർഷിപ്പ്.<br><br>4. ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്).<br><br>5. വിംഗ്സ് പദ്ധതി.<br><br>6. സിവിൽ സർവ്വീസ് പരിശീലനം.<br><br>7. കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative)<br><br>8. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച എ.ബി.സി.ഡി പ്രോജക്ട് (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ)<br><br>9. സേഫ് പദ്ധതി (Secure Accommodation & Facility Enhancement)<br><br>10. ഹോം (Household Oriented Micro Planning for Empowerment)<br><br>11. വിദ്യാഭ്യാസം, തൊഴിൽ ശാക്തീകരണം<br><br>12. ഡിജിറ്റൽ പഠനം |
| (ബി) | ആദിവാസികൾ കൂടുതലുള്ള പ്രദേശങ്ങളെ പ്രത്യേക | (ബി) | ഇടമലക്കുടി ആദിവാസി പഞ്ചായത്തായി |

| | | | |
|---|---|---|---|
| | മേഖലകളാക്കി പ്രഖ്യാപിച്ച് അവർക്ക് പ്രാതിനിധ്യമുള്ള ഗ്രാമപഞ്ചായത്ത് നിയമം നടപ്പാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് 17.05.2017 തീയതിയിലെ ജി.ഒ(എം.എസ്) 38/2017 - പജ.പവ.വി.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഹയർ ലെവൽ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത ഹയർ ലെവൽ കമ്മിറ്റിയുടെ ഘടന, പ്രവർത്തനങ്ങൾ , റിപ്പോർട്ട് ലഭ്യമാക്കാൻ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഇ) | ആദിവാസി ശാക്തീകരണത്തിനായി 1996-ൽ പാർലമെന്റ് പാസാക്കിയ പെസ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ